സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## ലേല പരസ്യം

അമ്പലപ്പുഴ ഗ്രൂപ്പിൽപ്പെട്ട തകഴി ദേവസ്വത്തിലെ സദ്യാലയത്തിനുസമീപത്തുള്ള ഉപയോഗ ശൂന്യമായ പഴയ കെട്ടിടം ലേലം ചെയ്തു മാറ്റുന്നതിന് ( അടിത്തറയുടെ മണ്ണ് ഒഴിച്ച് ) മാവേലിക്കര എക്സിക്യൂട്ടീവ് എൻഞ്ചിനിയറുടെ 27.03.2024-ലെ 1572-ാം നമ്പർ കത്ത്പ്രകാരം 2024-ാം മാണ്ട് ജൂലൈ മാസം 3-ാം തീയതി രാവിലെ 11.30 മണിക്ക് തകഴി ദേവസ്വം ഓഫീസിൽ വെച്ച് ലേലം നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ അന്നേദിവസം 11.30ന് മുമ്പായി 210 രൂപ നിരതദ്രവ്യം കെട്ടിവെച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ നിർബന്ധമായും ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ളവർ ആയിരിക്കണം. എല്ലാ പ്രവർത്തി ദിവസങ്ങളിലും ഓഫീസ് സമയങ്ങളിൽ 02.07.2024 വരെ അമ്പലപ്പുഴ അസിസ്റ്റന്റ് എൻഞ്ചിനിയർ ആഫീസിൽ സീൽ ചെയ്ത ക്വട്ടേഷൻ സ്വീകരിക്കുന്നതാണ്. ലേല നടപടികൾക്ക് ശേഷം സീൽ ചെയ്ത ക്വട്ടേഷൻ തുറക്കുന്നതാണ്. ഇവയിൽ കൂടിയ തുകയ്ക്ക് ലേലം പിടിക്കുന്ന ആളിന്റെ പേരിൽ ലേലം ഉറപ്പിക്കുന്നതും ടിയാൻ ലേലം ഉറപ്പിക്കുന്ന തുകയുടെ 50% വും ലേലം പിടിക്കുന്ന മുഴുവൻ തുകയ്ക്ക് 18% ജി.എസ്.ടിയും അന്നേ ദിവസം അടക്കേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും ലേല അനുവാദം വന്നു വിവരം തെര്യപ്പെടുത്തുന്ന മുറയ്ക്ക് ബാക്കി തുക ഒന്നായി കെട്ടിവെച്ച് ലേല സാധനങ്ങൾ സ്വന്തം ചിലവിൽ പൊളിച്ചുകൊണ്ട് പോകേണ്ടതാണ്. കൂടുതൽ തുകക്ക് ലേലം വിളിക്കുന്നയാളിന്റെ ഒഴിച്ച് മറ്റുള്ളവരുടെ നിരത ദ്രവ്യം ലേലം അവസാനിക്കുന്ന മുറയ്ക്ക് തിരികെ കൊടുക്കുന്നതാണ്.

ലേലത്തെ പറ്റിയുള്ള കൂടുതൽ വിവരങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് അമ്പലപ്പുഴ അസിസ്റ്റന്റ് എൻഞ്ചിനിയർ ആഫീസിൽ നിന്നോ, തകഴി ദേവസ്വം സബ്ഗ്രൂപ്പ് ആഫീസറിൽ നിന്നോ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ആഫീസ് സമയത്ത് അറിയാവുന്നതാണ്.

ഈ ഡിപ്പാർട്ടുമെന്റിന്റെ നിലവിലുള്ള ചട്ടങ്ങൾ ഈ ലേലത്തിനും ബാധകമായിരിക്കും. ലേലം അനുവാദം ലഭിച്ച് 10 ദിവസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയതിനുശേഷമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഡിപ്പാർട്ടുമെന്റ് ഉത്തരവാദി ആയിരിക്കുന്നതല്ല. ലേലം സ്ഥിരപ്പെടുത്തുന്നതിനും നിരാകരിക്കുന്നതിനുമുള്ള അധികാരം ഡിപ്പാർട്ടുമെന്റിൽ നിക്ഷിപ്തമായിരിക്കും.

Sd/-

24.06.2024

അസിസ്റ്റന്റ് എഞ്ചിനിയർ ആഫീസ്
തിരുവിതാംകൂർ ദേവസ്വം ബോർഡ്
അമ്പലപ്പുഴ.